# ദിവ്യബോധനം പാഠ്യപദ്ധതി
# GOCE പ്രബന്ധ രചനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

GOCE യുടെ പരീക്ഷ കഴിയുമ്പോഴേയ്ക്കും ഒരു പഠിതാവ് ആറുവർഷം കൊണ്ട് ദിവ്യബോധനം POCE, DOCE, GOCE എന്നീ മൂന്നു പദ്ധതികളിലൂടെ വ്യത്യസ്ത വിഷയങ്ങളിലായി മുപ്പതു പുസ്തകങ്ങൾ വായിച്ചും കുറിപ്പുകൾ തയ്യാറാക്കിയും പഠിച്ചു കഴിഞ്ഞിട്ടുണ്ടായിരിക്കും. അതുകൊണ്ട് പ്രബന്ധം തയ്യാറാക്കുവാൻ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. ഇതുവരെ പഠിച്ച 30 പുസ്തകങ്ങളുടെയും വിഷയങ്ങളുടെയും അടിസ്ഥാനത്തിൽ നിങ്ങൾക്കു താല്പര്യമുള്ള പഠന മേഖല തിരഞ്ഞെടുക്കുക. ഉദാ. വേദപുസ്തകം, സഭാചരിത്രം, സഭാപിതാക്കന്മാർ, വിശ്വാസ സംഹിതകൾ, മുതലായവ.
2. താല്പര്യമുള്ള മേഖലയിൽ, ദിവ്യബോധനത്തിന്റെ പുസ്തകങ്ങൾ കൂടാതെ കൂടുതൽ പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവ അന്വേഷിച്ച് കണ്ടെത്തി വായിക്കുക. Online materials ഉം നിങ്ങൾക്ക് ഉപയോഗപ്പെടുത്താം. വായിക്കുന്ന സ്രോതസ്സിന്റെ ആധികാരികത ശ്രദ്ധിക്കണം. കൂടാതെ, അവയുടെ accession date, site details എന്നിവ കൃത്യമായി രേഖപ്പെടുത്തുകയും വേണം.
3. ഈ വായനയുടെ അടിസ്ഥാനത്തിൽ, ഏറ്റവും കൂടുതൽ താല്പര്യമുള്ള മേഖലയിലെ ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തിലേക്ക് ശ്രദ്ധകൊടുക്കുക.
4. ആ പ്രത്യേക വിഷയത്തിന് ഒരു പ്രബന്ധമെഴുതുന്നതിന് സമർപ്പിക്കുവാനായി ശീർഷകം (Title) നൽകുക. നിങ്ങൾ എഴുതുവാനുദ്ദേശിക്കുന്നതെന്തെന്ന് വ്യക്തമാകും വിധമാകണം ഈ ശീർഷകം.
5. ഈ വിഷയത്തിലേയ്ക്കു നിങ്ങളെ എത്തിക്കുന്നതിന് സഹായിച്ച, നിങ്ങൾ അതിനായി വായിച്ച പുസ്തകങ്ങളുടെ പട്ടിക (Bibliography) തയ്യാറാക്കുക. വായിച്ച ഏതെങ്കിലും പുസ്തകമല്ല, മറിച്ച് മുകളിൽ തെരഞ്ഞെടുത്ത വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങളാകണം ഇവ.
6. പ്രബന്ധരചനയ്ക്കുള്ള proposal തയ്യാറാക്കുമ്പോൾ തന്നെ, നിങ്ങളുടെ പഠനത്തെ സഹായിക്കുവാൻ ഒരു Local Thesis Guide നെ നിങ്ങൾ കണ്ടെത്തണം. നിങ്ങളുടെ Thesis Guide നിങ്ങളുടെ ഇടവക വികാരിയാകാം, അല്ലെങ്കിൽ നിങ്ങൾക്ക് അവശ്യ സന്ദർഭത്തിൽ വേണ്ട നിർദ്ദേശം നൽകാൻ താല്പര്യവും സമയവുമുള്ള മറ്റൊരു വൈദികനാകാം. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. വൈദികൻ ഓർത്തഡോക്സ് സഭ നൽകുന്ന GST (Graduate in Sacred Theology) അല്ലെങ്കിൽ സഭ അംഗീകരിക്കുന്ന BD (Bachelor of Divinity) പഠനം പൂർത്തിയാക്കിയ, ഓർത്തഡോക്സ് സഭയിലെ വൈദികനായിരിക്കണം. രണ്ടാമതൊരു സാദ്ധ്യത, Divyabodhanam GOCE പൂർത്തിയാക്കിയ, ഇപ്പോഴും സഭയുടെ ആത്മീയ പ്രസ്ഥാനങ്ങളിൽ ഏതിലെങ്കിലും സജീവമായി പ്രവർത്തിക്കുന്ന ഒരാളെ Thesis Guide ആയി സ്വീകരിക്കാമെന്നതാണ്. ആരായിലുന്നാലും അടിയുറച്ച ഓർത്തഡോക്സ് സഭാ വിശ്വാസിയായിരിക്കണം നിങ്ങൾ കണ്ടെത്തുന്ന Thesis Guide എന്നത് നിർബന്ധമാണ്.
7. ഇത്രയുമായാൽ നിങ്ങൾ പ്രബന്ധരചനയ്ക്കുള്ള ‘Proposal’ തയ്യാറാക്കാൻ പ്രാപ്തനായി. Thesis Proposal എങ്ങനെയാകണം എന്നതിന്റെ രൂപരേഖ താഴെ കൊടുക്കുന്നു:
   (a) പ്രബന്ധ ശീർഷകം (Title of the Thesis)
   
   (b) ഈ വിഷയം പഠിക്കേണ്ടതിന്റെ പ്രാധാന്യം/സാംഗത്യം (ഒന്നോ രണ്ടോ വാചകം മതിയാകും) (statement of the problem).
   
   (c) വിഷയത്തിന്റെ പ്രാധാന്യം/സാംഗത്യം അല്പം കൂടി വിപുലീകരിച്ച് എഴുതുകയാണ് അടുത്തഘട്ടം (Elaboration of the Problem). ഇത് ഒരു ഖണ്ഡികയാകാം.
   
   (d) ഈ പഠനത്തിൽ നിന്ന് നിങ്ങൾ പ്രതീക്ഷിക്കുന്ന ഫലം എന്താണ് (Hypothesis) എന്ന് ചുരുങ്ങിയ വാക്യങ്ങളിൽ എഴുതണം.
   
   (e) പഠനവിഷയം സംബന്ധിച്ച് നിങ്ങൾ നൽകുന്ന പരിധി/പരിമിതി എന്തെന്ന് തുടർന്ന് എഴുതുക. നിങ്ങൾ തെരഞ്ഞെടുത്ത വിഷയത്തിന് പലവശങ്ങൾ, വ്യാഖ്യാനങ്ങൾ ഉണ്ടാകാം. എന്നാൽ അതെല്ലാം ഈ ഒരു പ്രബന്ധത്തിൽ ഉൾക്കൊള്ളിക്കാനാകില്ല. അതുകൊണ്ട് നിങ്ങളുടെ പ്രബന്ധത്തിന് ആവശ്യമായ പരിധി നിങ്ങൾ തന്നെ നിശ്ചയിക്കണം. ഒപ്പം, ഈ പഠനം മുമ്പോട്ടു പോകുമ്പോൾ, പഠനത്തിനാവശ്യമായ സ്രോതസ്സുകൾ (Resources) ലഭിക്കാനുള്ള സാധ്യതകളും പരിമിതികളും കൂടെ ഇതിലുൾപ്പെടുത്താം.
   
   (f) പഠനത്തിനുപയോഗിക്കുന്ന രീതിശാസ്ത്രം (Methodology) എന്തെന്ന് തീരുമാനിച്ച് അത് ഏതെന്നും എഴുതണം. പ്രബന്ധരചനയിൽ നിങ്ങൾ ഉപയോഗിക്കുന്ന തത്വങ്ങളും, പ്രമാണങ്ങളുമാണ്

രീതിശാസ്ത്രത്തിന്റെ കാതൽ. പ്രബന്ധത്തിന് സ്വീകരിച്ചിരിക്കുന്ന വിഷയത്തിനനുസൃതമായി methodology (രീതിശാസ്ത്രം) മാറും. പുസ്തകവായന-വിശകലനം: Survey for data, അതിന്റെ സംഭരണം (collection) എന്നിവയും അഥവാ ഇവയെല്ലാം ചേർന്നും രീതിശാസ്ത്രം വിവരിക്കാവുന്നതാണ്. പ്രബന്ധരചനയ്ക്ക് അടിസ്ഥാനമായുപയോഗിച്ച സ്രോതസ്സുകളുടെ പ്രഭവം എവിടെനിന്ന്, എങ്ങനെ ലഭിച്ചു, അവ എങ്ങനെ ഉപയോഗിച്ചു എന്നതും ഇതിന്റെ ഭാഗമാണ്.

(g) പഠനത്തെ എത്ര ഭാഗമായി തിരിച്ചാണ് അവതരിപ്പിക്കുന്നത് എന്ന ധാരണയുണ്ടാകണം. അത് Proposal ന്റെ ഭാഗമായി ചേർക്കണം. അതായത്, ആമുഖം/ഉപക്രമം (Introduction), ഉപസംഹാരം (Conclusion) എന്നിവ കൂടാതെ എത്ര അദ്ധ്യായം ഉണ്ടാകും, അവയുടെ ശീർഷകമെന്ത് എന്നും ചേർക്കണം (Temporary Outline). പ്രബന്ധം എഴുതുമ്പോൾ ആവശ്യമെങ്കിൽ ഇതിന് ചെറിയ ഭേദഗതിയാകാം .

(h) ഇത്രയും തയ്യാറാക്കുന്നതിന് സഹായകമായി നിങ്ങൾ വായിച്ച സ്രോതസ്സുകളുടെ (sources) പട്ടിക തയ്യാറാക്കി (Working Bibliography) അതുകൂടെ Proposal നൊപ്പം ചേർത്തു വയ്ക്കണം.

ഇങ്ങനെ തയ്യാറാക്കുന്ന proposal ദിവ്യബോധനം രജിസ്ട്രാർക്ക് അയച്ചുകൊടുക്കണം. ഒരു വിഷയം മാത്രം നൽകാതെ, രണ്ടോ, മൂന്നോ വിഷയങ്ങൾ, നിങ്ങൾ എഴുതാനാഗ്രഹിക്കുന്ന മുൻഗണനാക്രമം രേഖപ്പെടുത്തി വേണം അയയ്ക്കാൻ. രജിസ്ട്രാർ നിങ്ങളുടെ ‘Proposal’ പരിശോധിച്ചശേഷം ഉചിതമായ വിഷയം അംഗീകരിച്ചു മറുപടി നൽകും.

8. ദിവ്യബോധനം ഓഫീസിൽ നിന്ന് രജിസ്ട്രാറിന്റെ അനുമതി ലഭിച്ചാൽ നിങ്ങൾക്ക് പ്രബന്ധരചന തുടങ്ങാം. ഇവിടെയും ചിലകാര്യങ്ങൾ ശ്രദ്ധിക്കണം.

(a) ഏകദേശം 10,000 (പതിനായിരം) വാക്കുകളുള്ള ഒരു പ്രബന്ധമാണ് GOCE യുടെ ഭാഗമായി പ്രതീക്ഷിക്കുന്നത്. 9,000 നും, 11,000 നും ഇടയിൽ വാക്കുകൾ ആകാം. ഇത്രയും വാക്കുകൾക്കുള്ളിൽ തയ്യാറാക്കുന്ന പ്രബന്ധത്തിലെ അദ്ധ്യായങ്ങൾ തമ്മിൽ വാക്കുകളുടെ എണ്ണത്തിൽ വലിയ ഏറ്റക്കുറച്ചിൽ ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കണം.

(b) 10,000 വാക്കുകളുള്ള പ്രബന്ധത്തിന് ഉപക്രമവും ഉപസംഹാരവും കൂടാതെ മൂന്ന് അദ്ധ്യായങ്ങൾ ഉണ്ടായിരിക്കുന്നതാണ് അഭികാമ്യം. അപ്പോൾ പ്രബന്ധത്തിന്റെ ഘടന ഇങ്ങനെയാകാം.

| | | |
|---|---|---|
| ആമുഖം | Introduction | - 500-750 words |
| അദ്ധ്യായം 1 | Chapter 1 | - 2500-3000 words |
| അദ്ധ്യായം 2 | Chapter 2 | - 2500-3000 words |
| അദ്ധ്യായം 3 | Chapter 3 | - 2500-3000 words |
| ഉപസംഹാരം | Conclusion | - 500-750 words |

9. ആദ്യം ആമുഖം, പിന്നെ അദ്ധ്യായങ്ങൾ, ഒടുവിൽ ഉപസംഹാരം എന്നതല്ല പ്രബന്ധ രചനാരീതി. ആദ്യം എഴുതുക അദ്ധ്യായങ്ങളാണ്. അവ എഴുതി ഗൈഡിന്റെ അംഗീകാരം ലഭിച്ചശേഷമാണ് ആമുഖവും ഉപസംഹാരവും എഴുതുക.

10. പ്രബന്ധ രചനയ്ക്ക് വായിക്കുന്ന പുസ്തകങ്ങളിൽ നിന്ന് കടമെടുക്കുന്ന ആശയങ്ങളും ഉദ്ധരണികളും (ideas and quotations), അവ എവിടെ നിന്നുള്ളത് എന്ന് പ്രബന്ധത്തിൽ അവ രേഖപ്പെടുത്തിയിട്ടുള്ള പുറത്തിന്റെ (Page of the Thesis) താഴെ അടിക്കുറിപ്പായി (Footnote) ചേർക്കേണ്ടതാണ്.

11. പ്രബന്ധ രചനയ്ക്കായി പ്രയോജനപ്പെടുത്തിയ എല്ലാ പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും പട്ടിക ഉൾക്കൊള്ളുന്ന വിശദമായ ഗ്രന്ഥസൂചിക (Bibliography) പ്രബന്ധത്തിന്റെ ഒടുവിൽ ചേർക്കേണ്ടതാണ്.

12. പ്രബന്ധം ഇംഗ്ലീഷിലോ, മലയാളത്തിലോ എഴുതി സമർപ്പിക്കാവുന്നതാണ്. വാക്കുകളുടെ എണ്ണം അറിയുവാനുള്ള സോഫ്റ്റ്‌വെയർ ലഭ്യമായതുകൊണ്ട്, എങ്ങനെ എണ്ണം നിയന്ത്രിക്കുമെന്നോർത്ത് ആകുലപ്പെടേണ്ടതില്ല.

കോട്ടയം
26.01.2022